# പള്ളികഥകൾ

## മിനികഥകൾ എണ്പത്തിരണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ മരക്കാത്തി മറിയാമ്മയുടേയും കള്ള് കല്ല്യാണിയുടേയും കഥയാണ് ഇന്ന് പറയുന്നത്. ആ സ്ഥലത്ത് കള്ളുഷാപ്പ് നടത്തുന്ന നാരായണന്റെ ഭാര്യയാണ് കല്ല്യാണിയെങ്കിലും അവരെ കള്ളുകല്ല്യാണിയെന്നാണ് അവിടങ്ങളിൽ അറിയപ്പെടുന്നത്.

# മരക്കാത്തിയും കള്ളും

കൊച്ചി എയർപോർട്ടിൽ നല്ല കസവു സാരിയിൽ പൊതച്ചിരിക്കുന്ന മരക്കാത്തി മറിയാമ്മയെ കണ്ടിട്ട് നമ്മുടെ കള്ളുകല്ലാണിക്ക് തീരെ മനസ്സിലായില്ല. പെട്ടന്ന് കണ്ടാൽ തിരിച്ചറിയാൻ വയ്യാത്ത വിധമായ മാറ്റമാണ്. അതുപോലെ തന്നെ വലിയ വില കൂടിയ സിൽക്ക സാരിയിൽ പൊതിഞ്ഞ് രാത്രിയിലും കൂളിംഗ് ഗ്ലാസ്സും വെച്ചു നടക്കുന്ന കല്ല്യാണിയേയും കണ്ടിട്ട് പെട്ടന്ന് തിരിച്ചറിയാൻ പ്രയാസമായിരുന്നു.

ഇവർ തൊട്ടയൽപക്കകാരാണ്. നേരം പരപരാന്ന് വെളുക്കുന്നതിന് മുമ്പ് ചട്ടയും മുണ്ടും ധരിച്ച് തലയിൽ എടുക്കാൻ വയ്യാത്ത കൊട്ടയും അതിന്റെ താഴെ പാളയുമായി വീടായ വീടു തോറും നടക്കുന്ന മറിയാമ്മയെ സിൽക്ക സാരികൊണ്ട് മൂടിപുതച്ച് പെർഫ്യൂമും പൂശി നടക്കുന്നതു കണ്ടാൽ എങ്ങിനെ പെട്ടന്ന് ആക്കെങ്കിലും മനസ്സിലാകുമോ.

അതുപോലെ തന്നെ നേരം വെളുക്കുമ്പോഴേ ഒരു വരയൻ കൈലിയും ഉടുത്ത് ഒരു ചുവന്ന ജമ്പറും ഇട്ട് കുണ്ടിയും കുലുക്കി ഏറുകണ്ണിട്ട് നോക്കി മാദക റാണിയായി നടക്കുന്ന കല്ല്യാണിയെ എല്ലാവക്കും ഇഷ്ടമാണ്. അവൾ ഒരിക്കലും ചുണ്ടിൽ ലിപ്സ്റ്റിക്ക് ഇട്ടിരുന്നില്ലങ്കിലും എപ്പോഴും ചോര കിനിയുന്ന ചുണ്ടുകളാണുള്ളത്. ആ ഷാപ്പിൽ വരുന്ന മിക്കവാറും ആൾക്കാർ അവളെ കാണാനും കൂടിയാണ് വരുന്നത്. അവളെ കണ്ട് കൊതി വിട്ട് പോകുമെങ്കിലും അത്യാവശ്യം ചിലരെ സുഖിപ്പിക്കാനും അവൾക്കറിയാം. കയ്യിൽ കാശുണ്ടോ അവളുടെ സുഖം അറിഞ്ഞോണ്ടു പോകാം. ആദ്യം അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്: കാര്യം കഴിയുമ്പോൾ സ്ഥലം വിട്ട പലരുമുണ്ടായിരുന്നു. അവരെല്ലാം ഒറ്റ പ്രാവശ്യമേ കല്ല്യാണിയേ അറിഞ്ഞുള്ളു. പിന്നീട് അവളെ ഓത്ത് സ്വയം സന്തോഷിച്ചിട്ടേയുള്ളു. ചിലർ കാര്യം കഴിയുമ്പോൾ കടം പറഞ്ഞു; അവരും പിന്നെ അവളെ ഓത്ത് സ്വയം സന്തോഷിച്ചിട്ടേയുള്ളു. ഇങ്ങിനെയുള്ളവരെ ആ ഷാപ്പിന്റെ എഴയലോകത്ത് അവൾ അടുപ്പിച്ചിട്ടില്ല. പിന്നെ പിന്നെ ആരായാലും ആദ്യം പണം വാങ്ങി ബ്ലൗസിനകമത്ത് മുലകൾക്കിടയിൽ ചൊരികി വെച്ചിട്ടേ ബാക്കി കാര്യങ്ങൾ നടക്കൂ. ചുമ്മാ കാശിന് കാര്യം നടക്കത്തില്ല; കൈ നിറയെ കൊടുക്കണം. കൊടുത്താലും തെറ്റില്ല; അത് സുഖമൊന്നു വേറെയെന്നാണ് അനുഭവസ്ഥർ. നാരായണന് കാര്യങ്ങൾ അറിയാമെങ്കിലും ഒന്നും അറിഞ്ഞില്ലന്ന് അഭിനയിക്കും. ''അണ്ണന് കുഴപ്പമോ കുറവോ ഒന്നും പറ്റിയിട്ടില്ലല്ലോ; അണ്ണന് വേണ്ടുന്നതെല്ലാം വേണ്ട സമയത്ത് യാതൊരു കുറവും കൂടാതെ കിട്ടുന്നുണ്ടല്ലോ; പിന്നെ തേയ്മാനവും ഒന്നും സംഭവിച്ചിട്ടില്ലല്ലോ; അതും ആപ്പേം ഊപ്പേടേം കൂടെയുള്ള കാര്യങ്ങളുമല്ലല്ലോ.

മരക്കാത്തി മറിയയും ആളു മോശമല്ല. ചില വലിയ ആൾക്കാരുടെ വലിയ ബംഗ്ലാവിൽ അതികാലത്ത് ചെല്ലുമ്പോ, അവിടുത്തെ അമ്മാമ്മ കാലത്തെ കുബ്ബനക്ക് പള്ളിയിൽ പോയിരിക്കുമ്പോൾ അവിടുത്തെ മുതലാളിക്ക് ഒന്ന് സന്തോഷിക്കാനായി അവരുടെ കിടക്കമുറികളിൽ കയറി ചട്ടയും മുണ്ടും ഊരി താഴേക്കിട്ടിട്ട് ആ തറയിൽ തന്നെ കിടന്ന് കാര്യം സാധിച്ചിട്ട് കൈ നിറയെ കാശുമായി അവർ പോകും. അവിടുത്തെ അമ്മാമ്മ പ്രായമായശേഷം സ്വല്പം ഇടംകേടിലാണ്. മറിയ ഉള്ള കാരണം ആ ബംഗ്ലാവുകളിൽ കുടുംബ കലഹം ഇല്ലാതെ പോകുന്നത് നല്ല കാര്യമല്ലേ. മറിയക്കും പറയാനുള്ളത് കല്ല്യാണി പറഞ്ഞ പോലെ തേയ്മാനം ഒന്നും സംഭവിക്കുന്നില്ലല്ലോ. പോരാത്തതിന് കൈ നിറയെ കാശ്; അതും വലിയ വലിയ ബംഗ്ലാവുകളിൽ താമസിക്കുന്ന അച്ചായന്മാരുടെ അടുക്കൽ നിന്ന്. എത്ര തീത്താലും തീരാത്ത കാശുള്ളവർ. പിന്നെ അവരുടെ കിടക്കയിലോ എങ്ങും മീന്റെ നാറ്റം പറ്റാൻ പാടില്ല. മറിയ കാര്യങ്ങൾ വളരെ കലാപരമായി കൈകാര്യം ചെയ്യും; അല്ലാതെ ബംഗ്ലാവിൽ താമസിക്കുന്ന അമ്മാമ്മമാരെ പോലെ കുളിപ്പിച്ച് കുളിപ്പിച്ച് കിടത്തി കാശു വാങ്ങത്തില്ല. ഈ വിവരം ലോകത്ത് ആരും അറിയാതെ രഹസ്യമായി ഇരുന്നോളും. ആ ഗ്രാമം മുഴുവനും അറിയാവുന്ന പരസ്യമായ രഹസ്യമാണ് മരക്കാൻ മത്തായിക്കും കാര്യങ്ങൾ എല്ലാ അറിയാമെങ്കിലും അന്തിക്ക് അന്തികള്ളും കുടിച്ച് മറിയയെ കെട്ടിപിടിച്ച് കിടന്ന് ഉറങ്ങി കൊള്ളും. മരക്കാൻ വെളുപ്പാൻ കാലത്തു പോയി കൊണ്ടു വരുന്ന മീനെല്ലാം മരക്കാത്തി നല്ല വിലക്ക് വിറ്റ് കയ്യിൽ കാശു കൊണ്ടു വരുന്നതു കൂടാതെ അന്തിക്കള്ളും വാങ്ങി വരും. അത് മരക്കാൻ മത്തായിക്കും ബാക്കി മറിയക്കുമാണ്. രണ്ടു കുടുംബവും വളരെ സന്തോഷത്തിൽ കഴിയുന്നു. ഒരേ ദിവസം ഈ രണ്ടു വീട്ടിലും ഓരോ പെൺകുഞ്ഞു ജനിച്ചു

സുന്ദരികളിൽ അതി സുന്ദരികളാണ് അവർ രണ്ടു പേരും. കൂടാതെ പഠിക്കാൻ അതിസമത്ഥകളും; അതിലുപരി രണ്ടു പേരും ബഹു കേമികളും. അടുത്തടുത്ത വീടുകളിൽ താമസിക്കുന്ന അവർ ചെറുപ്പം മുതലേ വലിയ കൂട്ടുകാരികളുമാണ്. രണ്ടു പേരും ഒരു പോലെ പഠിച്ച് കേരളത്തിന് വെളിയിൽ പോയി നേഴ്സിംഗും പാസായിട്ട് ഒരുമിച്ചു തന്നെ അമേരിക്കയിലും എത്തി ഒന്നിച്ച് താമസിച്ച് ഒരേ ആശുപത്രിയിൽ ജോലി ചെയ്ത്, ഓവർ ടൈമും എല്ലാം ചെയ്ത് കൈ നിറച്ച് കാശുണ്ടാക്കിയതു കൂടാതെ രണ്ടു പേരും അതിനിടയിൽ അവിടെ വെച്ചു തന്നെ പഠിച്ച് നേഴ്സ് പ്രാക്ടീഷനറുമായി അതേ ആശുപത്രിയിൽ തന്നെ ജോലിയുമായി. കൂടാതെ ആ ആശുപത്രിയിൽ തന്നെ ജോലി ചെയ്യുന്ന സായിപ്പ് ഡോക്ടേഴ്സിനെ വിവാഹവും കഴിച്ചു. ഒരു ദിവസം ഈ രണ്ടു പെൺപിള്ളേർ അവരുടെ വികാരിയച്ചന്റെ അടുക്കൽ പോയി അവരുടെ വിവാഹം നടത്തി കൊടുത്തില്ലങ്കിൽ അവർ പോയി രജിസ്ത്രർ വിവാഹം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി. കല്ല്യാണിയുടെ മകളേയും ക്രിസ്ത്യാനിയാക്കി അച്ചൻ അവരുടെ രണ്ടു പേരുടേയും വിവാഹവും നടത്തി. അതിനുശേഷം അവർ തൊട്ടടുത്തടുത്ത് പുത്തൻ രണ്ട് വലിയ ബംഗ്ലാവും പണിയിച്ച് താമസമാക്കി. ഈ രണ്ടു പെൺപിള്ളേരും പ്രസവിക്കാറായപ്പോഴാണ് അവരുടെ അമ്മമാരെ നാട്ടിൽ നിന്നും വരുത്തുന്നത്.

മറിയയും കല്ല്യാണിയും എല്ലാം രഹസ്യമാക്കി വെച്ച് വിമാന താവളത്തിൽ വന്നപ്പോഴാണ് പരസ്പരം കാര്യങ്ങൾ അറിയുന്നത്. പിള്ളേരു രണ്ടും സായിപ്പിനെ അവിടെ വെച്ചു തന്നെ വിവാഹം ചെയ്തത് നന്നായിപ്പോയി; കാരണം-അവരുടെ അപ്പനാരെന്ന് അവക്ക രണ്ടു പെണ്ണുങ്ങൾക്ക പോലും അറിയത്തില്ല. എന്തായാലും വിമാനത്തിൽ അവക്ക് അടുത്തടുത്ത് ഇരുന്ന് യാത്ര ചെയ്യാൻ സാധിച്ചത് വലിയ അനുഗ്രഹമായി പ്പോയി. രണ്ടു പേരും ഭയപ്പെടാതെ കുലു കുലാന്ന് വത്മാനം പറഞ്ഞ് ചിരിച്ച് സന്തോഷമായി പോകാൻ സാധിച്ചു. നമ്മുടെ കാര്യങ്ങൾ ആരോടും പറയരുതെന്നവർ പരസ്പരം മൂളി.